ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം. ഡിബി1/1044/15/സിഇ/എൽ.എസ്.ജി.ഡി — തിയതി 13/07/2017

പ്രേഷകൻ

ചീഫ് എഞ്ചിനിയർ

ഗ്രാഹകൻ

അഡിഷണൽ ചീഫ് സെക്രട്ടറി,
ധനകാര്യ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം - ആന്തൂർ നഗരസഭയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതിയ തസ്തിക സൃഷ്ടിച്ച ഉത്തരവ് - ശമ്പള ശീർഷകത്തിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 07/07/2017 ലെ സർക്കാർ ഉത്തരവ് നം. 132/2017/എൽ.എസ്.ജി.ഡി

*********

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നഗരസഭ വിഭജിച്ച് പുതുതായി രൂപീകരിച്ച് ആന്തൂർ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സൂചന സർക്കാർ ഉത്തരവ് പ്രകാരം 8 പുതിയ തസ്തികകൾ അനുവദിക്കുകയും അതിന്റെ സാമ്പത്തിക ബാധ്യത ആന്തൂർ നഗരസഭയുടെ തനത് ഫണ്ട്/ജനറൽ പർപസ് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയത്തിൽ താഴെ പറയുന്ന വസ്തുതകൾ അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

ആന്തൂർ നഗരസഭയിൽ പുതുതായി സൃഷ്ടിച്ച 8 തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഈ ഓഫീസിൽ നിന്നും സ്വീകരിച്ചു വരുന്നു. എന്നാൽ ടി ഉത്തരവിൽ, നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളം നഗരസഭയുടെ തനത് ഫണ്ട്/ജനറൽ പർപസ് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നഗരസഭ/കോർപ്പറേഷനുകളിലെ ശമ്പളവും

മറ്റ് ആനുകൂല്യങ്ങളും തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായിട്ടുള്ള 2515-00-001-90-01-salaries (Municipalities/Corporation) എന്ന ശീർഷകത്തിൽ നിന്നുമാണ് നൽകി വരുന്നത്. നിലവിൽ നഗരസഭകളുടെ/ കോർപറേഷനുകളുടെ ജനറൽ പർപസ് ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത് ടി ശീർഷകത്തിൽ പൂൾ ചെയ്താണ് ശമ്പളം നൽകുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിച്ച് വരുന്നത്. മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് ഇപ്പോൾ നടത്തി വരുന്ന രീതി അനുസരിച്ച് ആന്തൂർ നഗരസഭയുടെ ജനറൽ പർപസ് ഫണ്ടിൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള തുക കുറവ് ചെയ്ത് ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായിട്ടുള്ള 2515-00-001-90-01-salaries (Municipalities/Corporation) എന്ന് ശീർഷകത്തിലേക്ക് പൂൾ ചെയ്ത് ആന്തൂർ നഗരസഭയിൽ പുതുതായി സൃഷ്ടിക്കപ്പെട്ട 8 തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സൂചന സർക്കാർ ഉത്തരവ് ഭേഗഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. ഇപ്രകാരം 8 തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പ്രതിവർഷം ഏകദേശം 4748211/- രൂപ ആവശ്യമുള്ളതായി കാണുന്നു. കൂടാതെ ആന്തൂർ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ആന്തൂർ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവിയായ അസിസ്റ്റന്റ് എഞ്ചിനീയറെ ഡി.ഡി.ഒ ആയി ചുമതലപ്പെടുത്തുന്നതിനുള്ള ഉത്തരവ് കൂടി ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ

എൻ.പി/-